<u>പതിനാലാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 528</u> <u>27/02/2018-ൽ മറുപടിക്ക്</u>

## വൈദ്യുതി അപകടങ്ങൾ

| | ചോദ്യം<br><br>**ശ്രീ.ഹൈബി ഈഡൻ**<br>**,, ഐ.സി.ബാലകൃഷ്ണൻ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങൾ മൂലമുള്ള മരണം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വൈദ്യുതി അപകടങ്ങൾ വർദ്ധിച്ചുവരുന്നതിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്; | (ബി) | പൊതുജനങ്ങളുടെ അശ്രദ്ധ, സുക്ഷമതക്കുറവ്, അറിവില്ലായ്മ എന്നിവ മൂലം വൈദ്യുതി പ്രവഹിക്കുന്ന ലൈനുകളിൽ നിന്നും വൈദ്യുതാഘാതമേറ്റ് അപകടങ്ങൾ സംഭവിക്കാറുണ്ട്. കൂടാതെ പ്രകൃതിക്ഷോഭത്തിൽ പൊട്ടി വീണ് കിടക്കുന്ന കമ്പിയിൽ നിന്നും വൈദ്യുതാഘാതമേറ്റും അപകടങ്ങൾ സംഭവിക്കാറുണ്ട്.<br>കൃത്യമായ സുരക്ഷാ മുൻകരുതലുകൾ കൂടാതെ ലൈനുകളിൽ പണിയെടുക്കുന്ന സ്ഥിരം ജീവനക്കാർക്കും, കരാർ തൊഴിലാളികൾക്കും, ഉയരത്തിൽ നിന്നും വീണതു മൂലവും, വൈദ്യുതാഘാതമേറ്റും അപകടങ്ങൾ സംഭവിക്കാറുണ്ട്. |
| (സി) | പഴക്കംചെന്ന വൈദ്യുതിലൈനുകളും, ഉപകരണങ്ങളും മാറ്റുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) | വൈദ്യുതി അപകടങ്ങൾ ഇല്ലാതാക്കുന്നതിന് പൊട്ടി വീഴാൻ സാധ്യത കൂടിയ അലുമിനിയം കമ്പികൾ മാറ്റി കൂടുതൽ ശേഷിയുള്ള അലുമിനിയം സ്റ്റീൽ റീ ഇൻഫോഴ്സ്ഡ് കമ്പികൾ സ്ഥാപിക്കുക, ലൈനുകളും ട്രാൻസ്ഫോർമർ സ്റ്റേഷനുകളും നിശ്ചിത നിലവാരം പുലർത്തുന്നു എന്ന് ഉറപ്പു വരുത്തുക, കാലപ്പഴക്കം ചെന്നതും ജീർണ്ണിച്ചതുമായ തടി പോസ്റ്റുകൾ മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കുക, ശരിയായ രീതിയിൽ എർത്തിംഗ് നടത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക തുടങ്ങിയ പ്രവൃത്തികൾ വാർഷിക പദ്ധതികളിലുൾപ്പെടുത്തി ചെയ്തു വരുന്നു. |
| (ഡി) | ലൈനുകളുടെ അറ്റകുറ്റപ്പണിക്കായി വൈദ്യുതി ബോർഡിൽ പ്രത്യേക സംവിധാനം പ്രവർത്തിക്കുന്നുണ്ടോ; | (ഡി) | അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും മറ്റുമായി എല്ലാ സെക്ഷനുകളിലും ഒരു സബ് എൻജിനീയർ, 2 ഓവർസിയർ, 2 |

| | | | |
|---|---|---|---|
| | | | ലൈൻമാൻ, 4 ഇലക്ട്രിസിറ്റി വർക്കർ എന്നിവർ ഉൾപ്പെടുന്ന ഒരു പ്രത്യേക വിഭാഗം (മെയിന്റനൻസ് & ക്യാപിറ്റൽ വർക്ക് വിഭാഗം) പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) | ഈ മേഖലയിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഇ) | അടിയന്തിര സാഹചര്യങ്ങളിൽ വൈദ്യുതി തകരാറുകൾ പരിഹരിക്കുന്നതിലേക്കായും, സമയബന്ധിതമായി അപകടസാഹചര്യങ്ങൾ ഒഴിവാക്കി വൈദ്യുതി ബന്ധം പുനസ്ഥാപിക്കുന്നതിലേക്കും വൃക്ഷ ശിഖരങ്ങൾ മുറിച്ചുമാറ്റുന്നതടക്കമുള്ള അറ്റകുറ്റ പണികൾ ചെയ്യുന്നതിലേക്കായും ചില സാഹചര്യങ്ങളിൽ വർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്യുന്ന കരാറുകാരന് കരാർ പത്രം നൽകി ടിയാൻ ആയതിലേക്കായി നിയോഗിക്കുന്ന ജോലിക്കാർ മുഖാന്തിരം കരാർ ജോലികൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ